No. of Printed Pages : 7

**8303**

Register Number

# Language – Part I – MALAYALAM

Time : 3.00 Hours ]  [ Maximum Marks : 90

**നിർദ്ദേശങ്ങൾ :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പം ഉണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷി ഉപയോഗിച്ചായിരിക്കണം.

**ഭാഗം - I**

**എല്ലാ** ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the right answer and answer **all** the questions.

**1.** ജാതനയാൽ മൃതനാവുമെന്ന നീതി ചമച്ചതാര് ?

(a) നീരജസംഭവൻ (b) വിഷ്ണു (c) അഗ്നി (d) ഇന്ദ്രൻ

**2.** ആദ്യത്തെ ജ്ഞാനപീഠ പുരസ്കാര ജേതാവ് ആരാണ് ?

(a) ജി. ശങ്കരക്കുറുപ്പ് (b) ഡോ. കെ. അയ്യപ്പപ്പണിക്കർ

(c) വൈലോപ്പിള്ളി (d) സുഗതകുമാരി

**3.** 'അജപൗത്രൻ' എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(a) ദശരഥൻ (b) രാവണൻ (c) വസിഷ്ഠൻ (d) ശ്രീരാമൻ

**4.** സൂര്യന്റെ പുലരിക്കതിരുകളിലൂടെ അമ്മ കൈനീട്ടുന്നത് ആരെ തഴുകാനാണ് ?

(a) പേരക്കുട്ടികളെ (b) മകളെ (c) പുലരിയെ (d) മകനെ

**5.** ''ദൈവം എനിക്ക് പുസ്തകവും അന്ധതയും ഒരുമിച്ചു തന്നു.'' എന്നു പറഞ്ഞതാര് ?

(a) ബോർഹെസ് (b) എറാസ്മെസ് (c) മെൻഹൻ (d) റൂസോ

[ Turn over

6. സങ്കേത ചിഹ്നങ്ങളെ അവയുടെ പൂർവ്വരൂപമായ ആശയമാക്കി മാറ്റുന്ന പ്രക്രിയ ഏത് ?

(a) സങ്കേതനം (b) വ്യവസ്ഥാപിതം (c) വിസങ്കേതനം (d) സ്വാഭാവികം

7. ഭീഷ്മരുടെ പിതാവിന്റെ പേരെന്ത് ?

(a) പ്രദീപൻ (b) ശന്തനു (c) ദിലീപൻ (d) വേദവ്യാസൻ

8. നൂറിഴയുള്ള ഹാരത്തിന്റെ പേരെന്താണ് ?

(a) ദേവച്ഛന്ദഹാരം (b) രശ്മി കലാപം (c) മാണവകം (d) ഏകാവലി

9. വെളുത്ത കുട്ടിയായി രൂപാന്തരം പ്രാപിച്ചത് ആരാണ് ?

(a) അലക്കുകാരൻ (b) കുഞ്ഞിമോൻ (c) യജമാനത്തി (d) ചെകുത്താൻ

10. 'കണ്ണീർ തിളങ്ങുന്ന ഒരു വഴി' എന്ന കഥ എഴുതിയതാര് ?

(a) ചന്ദ്രമതി (b) പ്രിയ എ.എസ്.

(c) പി. വത്സല (d) സാറാ ജോസഫ്

11. 'ജതം ജഗംഗം' എന്ന ഗണ വ്യവസ്ഥ വരുന്ന വൃത്തമേത് ?

(a) ഉപേന്ദ്രവജ്ര (b) ഇന്ദ്രവജ്ര (c) രഥോദ്ധത (d) തരംഗിണി

12. അവർണ്ണ്യത്തോടു വർണ്ണ്യത്തിന്നഭേദം പറയുന്ന അലങ്കാരമേത് ?

(a) ഉൽപ്രേക്ഷ (b) ഉപമ (c) രൂപകം (d) ഉല്ലേഖം

13. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത് ?

(a) അതിഥി (b) അതിതി (c) അഥിതി (d) അധിതി

14. ''കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് '' എന്ന ചൊല്ല് എന്തിനെ സൂചിപ്പിക്കുന്നു ?

(a) പക്ഷി വളർത്തലിനെ (b) കാക്കകളെ

(c) കുഞ്ഞുങ്ങളെ (d) മാതൃസ്നേഹത്തെ

## ഭാഗം - II

### വിഭാഗം - 1

**ഏതെങ്കിലും മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3x2=6**

Answer **any three** questions.

**15.** ''ഞാനതിലസൂയാലുവായിപോൽ;
മകന്നുള്ള
മാനമച്ഛനുമില്ലേ ? മരമോ മരാശാരി ?''
(a) ഏതു കവിതയിലെ വരികളാണിത് ?
(b) ഇതെഴുതിയ കവി ആരാണ് ?

**16.** ''നീയെൻ പാട്ടിനു കാക്കുന്നു.
കാണാത്തതിൽ നോവുന്നു.''
(a) ഏതു കവിതയിലെ വരികളാണിത് ?
(b) ഇതെഴുതിയ കവി ആരാണ് ?

**17.** ജി. ശങ്കരക്കുറുപ്പിനെ കുറിച്ച് എഴുതുക.

**18.** അയ്യപ്പപ്പണിക്കരെ പരിചയപ്പെടുത്തുക.

### വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x2=4**

Answer **any two** questions.

**19.** ദാശരാജാവ് ശന്തനു മഹാരാജാവിനോട് പറഞ്ഞ നിബന്ധനയെന്ത് ?

**20.** ഒരു ഡോക്ടറുടെ യഥാർത്ഥ കർമ്മം എന്താണ് ?

**21.** സംഗീതത്തിന്റെ സാന്നിദ്ധ്യം എന്തിനെ തിരിച്ചു വിളിക്കാൻ സഹായിക്കുന്നു ?

### വിഭാഗം - 3

**ഏതെങ്കിലും ഏഴു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **7x2=14**

Answer **any seven** questions.

**22.** പിരിച്ചെഴുതുക.
(i) അടുത്തറിഞ്ഞു
(ii) പറഞ്ഞയച്ചു

23. ചേർത്തെഴുതുക.
   (i) ഇ + കാലം
   (ii) മുൻ + അറിയിപ്പ്

24. എതിർലിംഗമെഴുതുക.
   (i) രാജാവ്
   (ii) പണ്ഡിതൻ

25. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ശരിയായ പദങ്ങൾ എടുത്തെഴുതുക.
   (i) അനുഗൃഹം – അനുഗ്രഹം
   (ii) ആകാംക്ഷ – ആകാംഷ

26. വാക്യത്തിൽ പ്രയോഗിക്കുക.
   (i) തുടക്കമിടുക
   (ii) നാടുനീളെ

27. ഒറ്റപ്പദമാക്കുക.
   (i) പാണ്ഡുവിന്റെ പുത്രൻ
   (ii) നിത്യമായ സത്യം

28. വാക്യദോഷം പരിഹരിക്കുക.
   (i) അവൻ കൂട്ടുകൂടി നടന്ന് ജീവിതം വെറുതെ വ്യർത്ഥമാക്കി കളയുകയാണ്.
   (ii) കാലാവധി കഴിഞ്ഞാൽ ഉത്തരക്കടലാസ് വീണ്ടും പുനഃപരിശോധിക്കുന്ന പതിവില്ല.

29. ഏതെങ്കിലും രണ്ട് കടംകഥകൾ ഉത്തര സഹിതം എഴുതുക.

30. തരംഗിണി വൃത്തത്തിന്റെ ലക്ഷണം എഴുതുക.

## ഭാഗം - III

### വിഭാഗം - 1

**ഏതെങ്കിലും രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x4=8**
Answer **any two** questions.

31. ആടി പിറന്നപ്പോൾ ഭൂമിയിലും ആകാശത്തിലും വന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?

32. അമ്മ ദൈവങ്ങളോട് വഴക്കു കൂടിയത് എപ്പോഴൊക്കെയാണ് ?

33. ദേഹികൾ പുതിയ ദേഹം സ്വീകരിക്കുന്നത് ഏതു പോലെയാണെന്നാണ് കവി പറയുന്നത് ?

34. ദമയന്തിയുടെ ഇംഗിതം അറിയാൻ ഹംസം കൈകൊണ്ട മാർഗ്ഗമെന്ത് ?

## വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

**35.** 'മുതലക്കണ്ണീർ' എന്ന ശൈലിയുടെ ആശയവും ശാസ്ത്രീയ സത്യവും വ്യക്തമാക്കുക.

**36.** ഭൂമിയമ്മയെ അറിഞ്ഞ വ്യക്തിയുടെ പാരിസ്ഥിതിക ജീവിതം എങ്ങനെയുള്ളതായിരിക്കും ?

**37.** ദേവവ്രതൻ ഭീഷ്മരായതെങ്ങനെയെന്ന് ചുരുക്കിയെഴുതുക.

**38.** വൈദ്യന്മാരോട് ഭയഭക്തി കലർന്ന ആദരവ് പ്രകടിപ്പിക്കുന്നതിന്റെ അടിസ്ഥാനമെന്ത് ?

## വിഭാഗം - 3

**ഏതെങ്കിലും മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3x4=12**

Answer **any three** questions.

**39.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഒരു ജനതയുടെ സാംസ്കാരിക പൈതൃകത്തിലെ അത്യന്ത സുന്ദരവും അമൂല്യവും ആയ ഘടകമാണ് നാടൻ പാട്ടുകൾ. ഈ ഗാനശാഖ മനുഷ്യന്റെ സൗന്ദര്യബോധത്തിന്റേയും ആചാരാനുഷ്ഠാനങ്ങൾ, ജീവിത സങ്കല്പങ്ങൾ, കലാകൗതുകം, സാമൂഹിക ബോധം, കായികാധ്വാനം എന്നിവയുടേയും വികാരപരമായ ആവിഷ്ക്കാരമാണ്. പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷണ പടുക്കളായ മനുഷ്യരിൽ ഉണർത്തി വിട്ട അനുഭൂതി വിശേഷങ്ങൾ ഇവയുടെ അന്തഃചൈതന്യമായി വർത്തിക്കുന്നു. പരിഷ്കാരത്തിൽനിന്ന് വളരെ അകന്നു നില്ക്കുന്ന ഗ്രാമീണ ജനതയുടെ ക്ലേശ ഭൂയിഷ്ഠമായ ദൈനംദിന ജീവിതത്തിന് ഉണർവ്വും ചൊടിയും ചേർക്കാൻ വേണ്ടി അവരിൽ വാസനയുള്ള ചിലർ ഒന്നിച്ചു ചേർന്ന് പാടിയും വായ്ത്താരിയിട്ടും ഗാനരൂപം പ്രാപിച്ചവയാണ് നാടൻപാട്ടുകൾ. ''ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഉണ്ടാക്കപ്പെട്ട ജനങ്ങളുടെ പാട്ടുകൾ''എന്ന് എസ്. ഗുപ്തൻ നായർ നാടൻ പാട്ടുകളെപ്പറ്റി പറഞ്ഞത് തികച്ചും അർത്ഥവത്താണ്. ജനകീയ കവിതകളുടെ അസ്തിവാരം തേടി പോകുന്ന ഗവേഷകൻ ചെന്നെത്തുന്നത് നാടൻ പാട്ടുകളുടെ കലവറയിലാണ്. കാരണം അടിസ്ഥാന ജന വിഭാഗത്തിന്റെ കലയാണിത്. ഒരു ജനവിഭാഗത്തിന്റെ സ്വഭാവ സവിശേഷതകളും ജീവിത നിലവാരവും കാവ്യ സങ്കല്പങ്ങളും നാടൻ പാട്ടുകളിൽ പ്രതിഫലിക്കുന്നു.

**ചോദ്യങ്ങൾ :**

(a) നാടൻ പാട്ടുകളിൽ അന്തഃചൈതന്യമായി വർത്തിക്കുന്നതെന്താണ് ?

(b) എസ്. ഗുപ്തൻ നായർ നാടൻ പാട്ടുകളെ നിർവചിച്ചതെങ്ങനെയാണ് ?

(c) നാടൻ പാട്ടുകൾ ജന്മമെടുത്തത് എങ്ങനെയാണ് ?

(d) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

40. താഴെ കൊടുത്തിരിക്കുന്ന വരികളുടെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് വന്നുടൻ കൂടുമൊരുനേരം
ഓരോ കഥയും പറഞ്ഞു രമിച്ചവർ
പാരം മഴതാൻ വെയിൽതാനിരുട്ടുതാൻ
പോവോളമൊന്നിച്ചിരുന്നാലോരോ വഴി
പോവോരവരവർ മുമ്പു പിമ്പെന്നതിൽ

41. യോജിപ്പിക്കുക.

| | | | |
|---|---|---|---|
| (a) | വിദുരോപദേശം | – | എം.ടി. വാസുദേവൻ നായർ |
| (b) | ചിന്താവിഷ്ടയായ സീത | – | മാധവിക്കുട്ടി |
| (c) | രണ്ടാമൂഴം | – | എൻ. കുമാരനാശാൻ |
| (d) | കോലാട് | – | തുഞ്ചത്തെഴുത്തച്ഛൻ |

42. താഴെ തന്നിരിക്കുന്ന ശൈലികളിൽ ഏതെങ്കിലും ഒന്നിന്റെ ആശയം വിശദമായെഴുതുക.

(a) ഇത്തിൾക്കണ്ണി

(b) ഉത്തരം താങ്ങുന്ന പല്ലി

43. ധീരതയ്ക്കുള്ള അവാർഡ് നേടിയ സുഹൃത്തിനെ അനുമോദിച്ചു കൊണ്ട് കത്തെഴുതുക.

## ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **3x6=18**

Answer **all** the questions.

44. (a) 'പെരുന്തച്ചൻ' എന്ന കവിതയിലെ പ്രമേയം സ്വന്തം വാക്യത്തിലെഴുതുക.

**അല്ലെങ്കിൽ**

(b) ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് പൊരുതുന്ന അമ്മ ജീവിതത്തിന്റെ നേർക്കാഴ്ചകളാണ് സച്ചിദാനന്ദന്റെ അമ്മ എന്ന കവിത – വ്യക്തമാക്കുക.

45. (a) 'കൊടുങ്കാറ്റിന്റെ മർമ്മരം' എന്ന പാഠത്തിലെ ആശയം സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

(b) ആശയ വിനിമയ പ്രക്രിയ പൂർണ്ണമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

**46.** (a) പകലന്തിയോളം കുടുംബത്തിനു വേണ്ടി കഷ്ടപ്പെടുന്ന അമ്മയുടെ ദൈന്യചിത്രമാണ് 'കോലാട്' എന്ന കഥയിൽ തെളിയുന്നത്. വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) 'കടൽത്തീരത്ത്' എന്ന ചെറുകഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## ഭാഗം - V

**47.** താഴെ തന്നിരിക്കുന്ന പദ്യഭാഗം പാഠപുസ്തകത്തിലുള്ളതു പോലെ പൂരിപ്പിച്ചെഴുതുക. **1x6=6**

Complete the Poem.

(a) ''സഞ്ജയൻ ചൊന്നതു കേട്ട ധൃതരാഷ്ട്ര-

---------------------------------------

ശോഭനമായുള്ള വാക്കുകളോരോന്നേ.''

**അല്ലെങ്കിൽ**

(b) പ്രിയ രാഘവ ----------------

മനഘ സ്ഥാനമിതാദിധാമമാം.

**- o O o -**